**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6470** **10-07-2024 - ൽ മറുപടിയ്ക്ക്**

**മുടങ്ങാതെ പഠനം തുടരാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | ഹോസ്റ്റൽ ഫീസും ലംപ്സം ഗ്രാന്റും അടക്കമുള്ള സഹായം മാസങ്ങളായി മുടങ്ങിയതോടെ സംസ്ഥാനത്ത് പഠനം നിർത്തുന്ന പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ എണ്ണം കൂടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വിഭാഗത്തിന് ലഭിക്കുന്ന സഹായം മുടങ്ങാതെ പഠനം തുടരുവാനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (എ) | ഹോസ്റ്റൽ ഫീസും ലംപ്സം ഗ്രാന്റും അടക്കമുള്ള സഹായം ലഭിക്കാത്തത് കാരണം പഠനം നിർത്തുന്ന വിഷയം ശ്രദ്ധയിൽപെട്ടിട്ടില്ല.<br><br>പട്ടികജാതി വിദ്യാർത്ഥികളുടെ 2022-23 വർഷം വരെയുള്ള കുടിശ്ശിക തീർത്തിട്ടുണ്ട്. 2024 - 25 വർഷം പട്ടികജാതി വിദ്യാർത്ഥികളുടെ ഇ-ഗ്രാന്റ്സ് ആവശ്യത്തിനായി 150 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. അതിൽ നിന്നും 30 കോടി രൂപ കുടിശ്ശിക വിതരണം ചെയ്തു. വിദ്യാഭ്യാസാനുകൂല്യങ്ങൾ കുടിശ്ശിക വരുത്താതെ വിതരണം ചെയ്യുന്നതിനുള്ള നടപടി ക്രമങ്ങൾ ആവിഷ്കരിച്ചിട്ടുണ്ട്.<br><br>പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പുകൾ 75 % കേന്ദ്ര വിഹിതവും 25 % സംസ്ഥാന വിഹിതവുമാണ്. 2021-22 വർഷം മുതലുള്ള പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കേന്ദ്രവിഹിതം ലഭിക്കാത്തതിനാൽ ആനുകൂല്യം അനുവദിച്ച് നൽകുവാൻ സാധിച്ചിരുന്നില്ല. 75% കേന്ദ്രവിഹിതം ലഭിക്കാതിരുന്നിട്ടും കേന്ദ്രവിഹിതം ഉൾപ്പടെയുള്ള കുടിശ്ശിക തുക സംസ്ഥാനത്തിന്റെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും അനുവദിക്കുവാൻ സംസ്ഥാന സർക്കാർ അനുമതി നൽകുകയും ആ തുക ചെലവഴിച്ച് വരികയുമാണ്. |

സെക്ഷൻ ഓഫീസർ